# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/06/2023.

1. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാതെയുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ റിസർച്ചിന്റെ (ഐ.സി.എ.ആർ.) സാങ്കേതിക സഹായത്തോടെ സംസ്ഥാന കൃഷിവകുപ്പ് - സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വെർട്ടിക്കൽ മാതൃകയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന 4 അടുക്കുകളുള്ള അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചറിനൊപ്പം 16 ചെടിച്ചട്ടികൾ, 80 കിലോഗ്രാം പരിപോഷിപ്പിച്ച നടീൽ മാധ്യമം (ചകിരിച്ചോർ), ചീര, മുളക്, പാലക്ക്, മല്ലി, കത്തിരി, തക്കാളി തുടങ്ങിയ വിളകളുടെ വിത്ത്, സസ്യ പോഷണ സംരക്ഷണ പദാർത്ഥങ്ങൾ, 25 ലിറ്റർ സംഭരണശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളതിനാൽ സൂര്യപ്രകാശ ലഭ്യതയ്ക്കനുസരിച്ച് സ്ഥാനം മാറ്റാവുന്നതാണ്. 22100/- രൂപ ആകെ ചിലവ് വരുന്ന ഒരു യൂണിറ്റ് അർക്ക വെർട്ടിക്കൽ ഗാർഡൻ 10525/- രൂപ ധനസഹായത്തോടെയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക. https://serviceonline.gov.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്തൃവിഹിതമായ 11575/- രൂപ അപേക്ഷയോടൊപ്പം ഓൺലൈനായി മുൻകൂർ അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള പി.ഒ., പാളയം, തിരുവനന്തപുരം** എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുകയോ, www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

3. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

4. കൊല്ലം അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ തെങ്ങിൻ തൈകൾ, വേരുപിടിപ്പിച്ച കുരുമുളക്, മാവ് ഗ്രാഫ്റ്റുകൾ (കൊളമ്പ്, കോട്ടുകോണം, നീലം), പ്ലാവ് ഗ്രാഫ്റ്റുകൾ (സിന്ധൂർ, മുട്ടൻ വരിക്ക, വിയറ്റ്നാം ഏർളി) ഒടിച്ചുകുത്തി പേര തൈകൾ, പച്ചക്കറി വിത്തുകൾ, ടിഷ്യുകൾച്ചർ വാഴ, അലങ്കാര സസ്യങ്ങൾ എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470361** എന്ന നമ്പറിൽ ബന്ധപ്പെടുക.

5. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ കരുമാലൂർ കരിമീൻ വിത്തുല്പാദക കർഷക സംഘം ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങളുടെ വില്പന കേരള അഗ്രോ ഇൻഡിസ്ട്രീസ് കോർപറേഷൻ (കെയ്കോ)യുടെ അങ്കമാലി അത്താണി വിപണന കേന്ദ്രത്തിൽ നിന്നും ആരംഭിച്ചു. കെയ്കോയുടെ 0484-2474267 അല്ലെങ്കിൽ 8547721150 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് എല്ലാ മാസവും ആദ്യത്തെ വ്യാഴാഴ്ച രാവിലെ 10 മണിക്ക് അത്താണി വിപണന കേന്ദ്രത്തിൽ നിന്നും കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതാണ്. അൻപത് കുഞ്ഞുങ്ങൾ കൊള്ളുന്ന ഓക്സിജൻ നിറച്ച ബാഗുകളിലാണ് വിതരണം. 2 മുതൽ 3 സെന്റീമീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിനു 345 രൂപയും 4 മുതൽ 5 സെന്റിമീറ്റർ വരെ വലുപ്പമുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുഞ്ഞുങ്ങൾക്ക് ബാഗൊന്നിന് 575 രൂപയുമാണ് വില. 20 ബാഗിൽ കൂടുതൽ ബുക്ക് ചെയ്യുന്ന കർഷകർക്ക് എറണാകുളം ജില്ലയിലെവിടേയും കൃഷിയിടത്തിൽ എത്തിച്ചുകൊടുക്കുന്നതാണ്.

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബി വി 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ഒരു മാസം പ്രായമായവയ്ക്ക് 160 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9400483754** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. വയനാട് അമ്പലവയലിൽ സ്ഥിതി ചെയ്യുന്ന വയനാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത 13 മുതൽ 14 ആഴ്ച പ്രായമുള്ള BV380 മുട്ടകോഴികൾ 300/- രൂപ നിരക്കിൽ പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ് . പ്രതിവർഷം 300 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ കോഴികൾ. കൂടുതൽ വിവരങ്ങൾക്ക് 04936 260411, 9496930411 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശം**

**വാഴ**

വാഴയിൽ ഇലപ്പുള്ളി രോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലീറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയക്കവിധം കുളിർക്കെ തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

**കവുങ്ങ്**

കവുങ്ങിലെ മഹാളി രോഗത്തിന് പ്രതിരോധ നടപടിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. അല്ലെങ്കിൽ രണ്ട് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് 45 ദിവസത്തെ ഇടവേളകളിൽ തളിച്ചു കൊടുക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം